(ബി) ഉണ്ട്. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരം 2-12-2015 വരെ 39.80 കോടി രൂപ സബ്സിഡി ഇനത്തിൽ റബ്ബർ കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്.

(സി) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിന്റെ കീഴിൽ 2-12-2015 വരെ 306635 റബ്ബർ കർഷകർ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇപ്രകാരം രജിസ്റ്റർ ചെയ്ത റബ്ബർ കർഷകരിൽ 124952 പേർ സബ്സിഡിക്കായി ബില്ല് സമർപ്പിച്ചിട്ടുണ്ട്. റബ്ബർ കർഷകർ സമർപ്പിച്ചിട്ടുള്ള സെയിൽസ് ഇൻവോയ്സ്/പർച്ചേസ് ബില്ലിന്റെ പരിശോധന പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ എത്രത്തോളം സബ്സിഡി തുക നല്കേണ്ടി വരുമെന്ന് വ്യക്തമാകുകയുള്ളൂ.

(ഡി&ഇ) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരം 2-12-2015 വരെ 39.80 കോടി രൂപ 92592 റബ്ബർ കർഷകർക്കായി സബ്സിഡിയിനത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. സെയിൽസ് ഇൻവോയ്സ്/പർച്ചേസ് ബില്ലിന്റെ പരിശോധനയിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുവാൻ വേണ്ട നിർദ്ദേശം റബ്ബർ ബോർഡിന് നല്കിയിട്ടുണ്ട്.

കോൾ വികസന പാക്കേജ്

158 (1629) ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോൾ വികസന പാക്കേജിൽ ഉൾപ്പെടുത്തി നാളിതുവരെ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ; ഇതിനായി ചെലവഴിച്ച തുക എത്ര വീതമെന്നും അറിയിക്കാമോ;

(ബി) നാളിതുവരെ ഭരണാനുമതി നൽകിയ പദ്ധതികളും തുകയും എത്ര വീതമെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) കോൾ വികസന പാക്കേജിൽ ഉൾപ്പെടുത്തി നാളിതുവരെ നടപ്പിലാക്കിയ പദ്ധതികൾ, ചെലവഴിച്ച തുക, നാളിതുവരെ ഭരണാനുമതി നൽകിയ പദ്ധതികൾ എന്നിവ അനുബന്ധം I-ൽ ചേർത്തിരിക്കുന്നു.*

നിറവ് പദ്ധതി

159 (1630) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിറവ് പദ്ധതിക്കായി കോങ്ങാട് മണ്ഡലത്തിൽ നിന്നും എത്തെല്ലാം പ്രൊപ്പോസലുകൾ നാളിതുവരെ ലഭിച്ചിട്ടുണ്ട് ; ആയതിന് എത്ര തുക അനുവദിച്ചുവെന്നുള്ള വിവരം നൽകുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

നിറവ് പദ്ധതിക്കായി കോങ്ങാട് മണ്ഡലത്തിൽ നിന്നും പ്രൊപ്പോസലുകൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ല. നിറവ് പദ്ധതിക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ കൃഷി വകുപ്പിന്റെ സംസ്ഥാനാവിഷ്കൃത പദ്ധതികളെല്ലാം തന്നെ നിറവ് മണ്ഡലങ്ങൾക്ക് പ്രാധാന്യം നല്കി നടപ്പിലാക്കിവരുന്നു.

റബ്ബർ സംഭരണം

160 (1631) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സബ്സിഡി നിരക്കിലുള്ള റബ്ബർ സംഭരണം ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുവഴി കർഷകർക്ക് 1 കിലോ റബ്ബറിന് എത്ര രൂപ ലഭിക്കും; മാർക്കറ്റ് വില കഴിച്ചുള്ള സബ്സിഡി തുക എത്രരത്തിലാണ് കർഷകർക്ക് ലഭിക്കുകയെന്ന് വ്യക്തമാക്കുമോ;

(ബി) സബ്സിഡി തുക ലഭിക്കാൻ കർഷകർ എന്തൊക്കെയാണ് ചെയ്യേണ്ടതെന്നും സബ്സിഡി നിരക്കിൽ റബ്ബർ സംഭരിക്കാൻ ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോയെന്നും അത് ഏതൊക്കെ ഏജൻസികളാണെന്നും വിശദമാക്കുമോ;

(സി) റബ്ബർ സംഭരണത്തിന്റെ പ്രയോജനം യഥാർത്ഥത്തിലുള്ള ചെറുകിട കർഷകർക്ക് ലഭിക്കുന്നില്ല എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? വൻകിടക്കാരുടെ ചൂഷണത്തിൽ നിന്നും ഒഴിവാക്കി ചെറുകിട കർഷകർക്ക് സബ്സിഡി ഉറപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) സബ്സിഡിക്ക് അവകാശപ്പെട്ട ചെറുകിട കർഷകർക്ക് എന്തെങ്കിലും രജിസ്ട്രേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ഏജൻസി വഴിയാണ് രജിസ്ട്രേഷൻ നടത്തേണ്ടത്; സബ്സിഡി ലഭിക്കാൻ കർഷകർ എവിടെയാണ് റബ്ബർ ഷീറ്റ് കച്ചവടം ചെയ്യേണ്ടതെന്നും ഇതിനുശേഷം സബ്സിഡി ലഭിക്കാനായി എന്തൊക്കെ രേഖകളാണ് ഹാജരാക്കേണ്ടതെന്നും വിശദമാക്കുമോ ;

(ഇ) റബ്ബർ സംഭരണം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതുവരെ എത്ര ടൺ റബ്ബറാണ് സംഭരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?